02-01-2022

SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT**

**GOVERNMENT OF KERALA**

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 02/01/2022

1. കഴക്കൂട്ടം കൃഷിഭവൻ പരിധിയിൽ ഉൾപ്പെടുന്ന കഴക്കൂട്ടം, ചന്തവിള, കാട്ടായിക്കോണം വാർഡുകളിലെ തെങ്ങുകളുടെ സമഗ്ര രോഗ കീട നിയന്ത്രണവും പരിപാലനവും ലക്ഷ്യമിട്ടുകൊണ്ട് **കേരഗ്രാമം പദ്ധതി** നടപ്പിലാക്കുന്നു. പദ്ധതിപ്രകാരം തെങ്ങിന് തടമെടുത്ത് ജൈവവളം, ജൈവകീടനാശിനി എന്നിവ പ്രയോഗിച്ച് നൽകുന്നതാണ്. നിലവിൽ പ്രസ്തുത പ്രവർത്തനങ്ങൾ ചെയ്തിട്ടുള്ളവർക്ക് ആനുപാതികമായ സബ്സിഡി നൽകുന്നതാണ്. കൂടാതെ തെങ്ങുകയറ്റ യന്ത്രത്തിന് 2000 രൂപയും, പമ്പ് സെറ്റ്, കിണറിന് 10000 രൂപയും, കണിക ജലസേചനം, ജൈവ വള നിർമാണ യൂണിറ്റ് എന്നീ ആനുകൂല്യങ്ങൾ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതാണ്. പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് തെങ്ങിന്റെ തടം തുറന്ന് ജൈവവളം പ്രയോഗിക്കുന്നതിന് ആവശ്യമായ തൊഴിലാളികളുടെ സേന രൂപീകരിക്കുന്നു. ആയതിലേക്ക് കൃഷിപ്പണികൾ കരാർ വ്യവസ്ഥയിൽ ചെയ്യുവാൻ താൽപര്യമുള്ള സ്ത്രീപുരുഷന്മാർ കൃഷിഭവനുമായി **9847565015, 9745654760, 9020333414, 9961800826** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

2. കർഷകക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കാൻ കർഷകർക്ക് http://kfwfb.kerala.gov.in എന്ന വെബ് പോർട്ടൽ വഴി അപേക്ഷിക്കാം. പതിനെട്ടിനും 55-നും ഇടയിൽ പ്രായമുള്ള, മൂന്നു വർഷത്തിൽ കുറയാതെ കൃഷി പ്രധാന ഉപജീവനമാർഗമായി സ്വീകരിക്കുകയും മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗമല്ലാത്തവരുമായ കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. 100 രൂപ രജിസ്ട്രേഷൻ ഫീസടച്ച് അപേക്ഷിക്കണം. അഞ്ച് സെന്റിൽ കുറയാതെയും 15 ഏക്കറിൽ കവിയാതെയും ഭൂമി കൈവശമുള്ള, അഞ്ചു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരാകണം അപേക്ഷകർ. ഉദ്യാനകൃഷി, ഔഷധ സസ്യക്കൃഷി, നടീൽ വസ്തുക്കളുടെ ഉത്പാദനവും വിൽപനയും, ഇടവിളകളുടെയും വൃക്ഷങ്ങളുടെയും പരിപാലനം, പച്ചക്കറി വളങ്ങൾ, തീറ്റപ്പുൽകൃഷി എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മത്സ്യം, അലങ്കാരമത്സ്യം, തേനീച്ച, പട്ടുനൂൽപ്പുഴു, കോഴി, താറാവ്, ആട്, മുയൽ, കന്നുകാലി ഉൾപ്പെടെയുള്ളവയെ പരിപാലിക്കുന്നവർക്കും അപേക്ഷിക്കാം. കുറഞ്ഞത് അഞ്ചു

വർഷം അംശാദായം കുടിശ്ശികയില്ലാതെ അടച്ചശേഷം മരണമടയുന്നവരുടെ കുടുംബത്തിന് കുടുംബ പെൻഷൻ ലഭിക്കും.

3. കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര ഫോറസ്ട്രി കോളേജിൽ ഐ സി എ ആർ ധനസഹായ പ്രോജക്ടിലേക്ക് കരാർ അടിസ്ഥാനത്തിൽ റിസർച്ച് അസ്സോസിയേറ്റ് തസ്തികയിൽ നിയമനം നടത്തുന്നതിനായി നാളെ **(ജനുവരി 3 –നു) രാവിലെ 10 മണിക്ക് വാക് ഇൻ ഇന്റർവ്യൂ** നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് www.kau.in/www.forestry.kau.in സന്ദർശിക്കുക.

4. കേരളത്തിന്റെ ഭൂപ്രകൃതിക്കും, കൃഷിക്കും, കാലാവസ്ഥയ്ക്കും അനുയോജ്യമായ നവീന കാർഷിക യന്ത്രങ്ങൾ വികസിപ്പിക്കുന്നതിൽ വ്യാപൃതരായവരുടെ സമാഗമം മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് 2022 ഫെബ്രുവരി മാസം സംഘടിപ്പിക്കുന്നു. ഇതിനോടനുബന്ധിച്ച് ഇവർ വികസിപ്പിച്ചെടുത്ത നൂതന കാർഷിക യന്ത്രങ്ങളുടെ പ്രദർശനവും സംഘടിപ്പിക്കുന്നതാണ്. ഈ സമാഗമത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള നൂതന കാർഷിക യന്ത്ര നിർമാതാക്കളോ / ഗ്രൂപ്പുകളോ ഈ മാസം 15 നു (ജനുവരി 15 നു) മുമ്പായി കാർഷിക യന്ത്രവൽക്കരണ മിഷനിലേക്ക് spokksasc1@gmail.com എന്ന ഇമെയിൽ വിലാസത്തിലോ **8281200673** എന്ന വാട്ട്സ് അപ്പ് നമ്പരിലോ ബന്ധപ്പെടുക.

5. **സരോജിനി ദാമോദരൻ ഫൗണ്ടേഷൻ** ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2009 മുതൽ നൽകിവരുന്ന 13-ാമത് അക്ഷയശ്രീ അവാർഡിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. മൂന്നു വർഷത്തിനുമേൽ പൂർണമായും ജൈവഭക്ഷണകൃഷി ചെയ്യുന്നവരെയാണ് അവാർഡിന് പരിഗണിക്കുന്നത്. വെള്ളക്കടലാസിൽ കൃഷിയുടെ ലഘുവിവരണവും, പൂർണ്ണ മേൽവിലാസവും, വീട്ടിൽ എത്തിച്ചേരുന്നതിനുള്ള വഴിയും, ഫോൺ നമ്പരും, ജില്ലയും അപേക്ഷയിൽ എഴുതിയിരിക്കണം. ഫോട്ടോകളോ മറ്റു സർട്ടിഫിക്കറ്റുകളോ അപേക്ഷയോടൊപ്പം അയയ്ക്കാൻ പാടില്ല. അപേക്ഷകൾ 2022 **ജനുവരി** 31-ന് മുമ്പായി ലഭിച്ചിരിക്കണം. അപേക്ഷകൾ അയയ്ക്കേണ്ട വിലാസം കെ.വി.ദയാൽ, അവാർഡ് കമ്മിറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി.ഒ, ആലപ്പുഴ-688525. കൂടുതൽ വിവരങ്ങൾക്ക് **9447114526** എന്ന നമ്പരിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314


6. കേരള ഹോർട്ടികോർപ്പിന്റെ ആഭിമുഖ്യത്തിൽ തൃശൂർ ജില്ലയിലെ മൂള്ളൂക്കര കൃഷിഭവനിലും അളഗപ്പ കൃഷിഭവനിലും **ജനുവരി 3,4** തീയതികളിൽ രണ്ട് ദിവസത്തെ **തേനീച്ച വളർത്തൽ** പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു. പരിശീലന ക്യാമ്പിൽ 40 കർഷകർക്ക് പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് **9447910989** എന്ന നമ്പരിൽ ബന്ധപ്പെടുക.

7. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **കോഴി വളർത്തൽ, ആടു വളർത്തൽ, മുയൽ വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **9400483754** എന്ന നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. അവസാന തീയതി ജനുവരി 5 ആണ്.

8. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ക്ഷീരസംഘം സെക്രട്ടറിമാർക്കായി 3 ദിവസത്തെ ക്ലാസ്സ് റൂം പരിശീലന പരിപാടി ഈ മാസം 4,5,6 (ജനുവരി 4,5,6) തീയതികളിൽ രാവിലെ 10 മണി മുതൽ ഈരയിൽക്കടവിൽ പ്രവർത്തിക്കുന്ന ക്ഷീരപരിശീലനകേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാർകാർഡ്, രണ്ട് ഡോസ് കോവിഡ് വാക്സിനേറ്റഡ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. താല്പര്യമുള്ളവർ ഈ മാസം 3-ന് (03-01-2022 ന്) മുൻപായി **9846890445** എന്ന ഫോൺ നമ്പറിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർകൃഷിയിൽ **ജനുവരി** 03 **മുതൽ** 05 വരെ പരിശീലനം നൽകുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ചു നടക്കുന്ന പരിശീലനത്തിൽ നൂതനനടീൽവസ്തുക്കൾ, നടീൽരീതികൾ, വളപ്രയോഗശുപാർശകൾ, കീട-രോഗനിയന്ത്രണം, ടാപ്പിങ് തുടങ്ങിയ വിഷയങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്ട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന ഇമെയിൽ വിലാത്തിലോ ബന്ധപ്പെടുക.